**പതിമൂന്നാം കേരള നിയമസഭ**

**ഒൻപതാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2303 19.06.2013-ൽ മറുപടിക്ക്**

**ഡോക്ടർമാരുൾപ്പെടെയുള്ളവരുടെ ഒഴിവുകൾ**

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീ. കെ. വി. വിജയദാസ്** | **ശ്രീ.വി.എസ്.ശിവകുമാർ**<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി |
| (എ) നാടാകെ പനി പടർന്ന സാഹചര്യത്തിൽ പി.എച്ച്.സി, സി.എച്ച്.സി കളിൽ ഡോക്ടർമാരുൾപ്പെടെയുള്ളവരുടെ ഒഴിവുകൾ നികത്തുന്നതിന് തയ്യാറായിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; ഇല്ലെങ്കിൽ എന്തുകൊണ്ട് എന്ന് അറിയിക്കുമോ; | (എ) പകർച്ചവ്യാധികൾ റിപ്പോർട്ട് ചെയ്യപ്പെടുന്ന സാഹചര്യത്തിൽ പി.എച്ച്.സി, സി.എച്ച്.സി കളിൽ എൻ.ആർ.എച്ച്.എം മുഖേനയും അഡ്ഹോക്ക് വ്യവസ്ഥയിലും ഡോക്ടർമാരുടെ സേവനം ലഭ്യമാക്കി ഒഴിവുകൾ അടിയന്തിരമായി നികത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ പി.എസ്.സി.യിൽ നിന്നും നിയമനശുപാർശ ലഭിക്കാത്ത ഉദ്യോഗാർത്ഥികൾക്ക് ആരോഗ്യ വകുപ്പിൽ താൽക്കാലിക നിയമന ഉത്തരവ് നൽകിയും, പി.ജി കോഴ്സിന് ശേഷം ആരോഗ്യ വകുപ്പിൽ ജോലി ചെയ്യുന്ന ഡോക്ടർമാർക്കും നിയമന ഉത്തരവ് നൽകിയും ഒഴിവുകൾ നികത്തി വരുന്നുണ്ട്. |
| (ബി) ഡോക്ടർമാരുടെ നിയമനത്തിനായി പി.എസ്.സി ലിസ്റ്റ് തയ്യാറായിട്ടുണ്ടോ; ഇപ്പോൾ നിയമനം നടക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | (ബി) അസിസ്റ്റന്റ് സർജൻ തസ്തികയിലെ റാങ്ക് ലിസ്റ്റ് തയ്യാറായിട്ടുണ്ട്. പി.എസ്.സി.യിൽ നിന്നും നിയമന ശുപാർശ നൽകിയ എല്ലാ ഉദ്യോഗാർത്ഥികൾക്കും ആരോഗ്യ വകുപ്പിൽ നിന്നും നിയമന ഉത്തരവ് നൽകിയിട്ടുണ്ട്. |

(സി) സംസ്ഥാനത്ത് പി.എച്ച്.സി., സി.എച്ച്.സി കളിൽ ഡോക്ടർമാരുൾപ്പെടെയുള്ളവരുടെ എത്ര ഒഴിവുകൾ ഉണ്ടെന്നുള്ള വിവരം ജില്ല തിരിച്ച് നൽകുമോ;

(സി) പി.എച്ച്.സി, സി.എച്ച്.സി കളിലെ ഡോക്ടർമാരുടെ ഒഴിവുകൾ ചുവടെ ചേർക്കുന്നു. മറ്റു സ്റ്റാഫുകളുടെ ഒഴിവുകളുടെ വിവരം ശേഖരിച്ചു വരുന്നു.

| ക്രമ നമ്പർ | ജില്ല | അസിസ്റ്റന്റ് സർജൻ | സിവിൽ സർജൻ |
|---|---|---|---|
| 1 | തിരുവനന്തപുരം | 0 | 1 |
| 2 | കൊല്ലം | 0 | 0 |
| 3 | പത്തനംതിട്ട | 0 | 4 |
| 4 | ആലപ്പുഴ | 0 | 0 |
| 5 | കോട്ടയം | 0 | 4 |
| 6 | എറണാകുളം | 0 | 8 |
| 7 | ഇടുക്കി | 9 | 0 |
| 8 | തൃശ്ശൂർ | 0 | 14 |
| 9 | പാലക്കാട് | 3 | 8 |
| 10 | കോഴിക്കോട് | 0 | 0 |
| 11 | വയനാട് | 3 | 0 |
| 12 | മലപ്പുറം | 15 | 0 |
| 13 | കണ്ണൂർ | 12 | 9 |
| 14 | കാസർഗോഡ് | 20 | 2 |
| | **ആകെ** | **62** | **50** |

(ഡി)ഒഴിവുകൾ നികത്താത്തതിന് കാരണം എന്ത് എന്നറിയിക്കുമോ?

(സി) സിവിൽ സർജൻ തസ്തികയിലെ ഒഴിവുകൾ ഡിപ്പാർട്ട്മെന്റ് പ്രൊമോഷൻ മുഖേനയും അസിസ്റ്റന്റ് സർജൻ തസ്തികയിലെ ഒഴിവുകൾ പി.എസ്.സി യിൽനിന്നും നിയമന ശുപാർശ ലഭിക്കുന്ന മുറയ്ക്കും നികത്തുന്നതാണ്.

Sobhy
സെക്ഷൻ ഓഫീസർ